## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *79 — 30.10.2019-ൽ മറുപടിയ്ക്ക്.

## ഗ്ലോബൽ ഡയറി വില്ലേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എ) ക്ഷീരോല്പാദനമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4) ഹീഫർ പാർക്ക്
5) ക്ഷീരഗ്രാമം
6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ
7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
9) സമഗ്ര ഇൻഷ്വറൻസ് പദ്ധതി
   ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള സംയോജിത ക്ഷീര വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) സംയോജിത ക്ഷീരവികസന പദ്ധതിയുടെ ഭാഗമായി 2018-19 ൽ തെരഞ്ഞെടുത്ത 10 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2019-20 ലും 10 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ടു പശു യൂണിറ്റ് | 69,000 |
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000 |
| 3 | കോമ്പോസിറ്റ് യൂണിറ്റ് (ഒരു പശു + ഒരു കിടാരി) | 53,000 |

| | | |
|---|---|---|
| 4 | കോമ്പോസിറ്റ് യൂണിറ്റ് (3 പശു + 2 കിടാരി) | 1,50,000 |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുക യുടെ 50% പരമാവധി 25,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുക യുടെ 50% പരമാവധി 50,000 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുക യുടെ 50% പരമാവധി 50,000 |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000 |

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്ലോബൽ ഡയറി വില്ലേജ് രൂപവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ക്ഷീര വികസന വകുപ്പിന്റെ സംയോജിത ക്ഷീരവികസന പദ്ധതിയുടെ ഭാഗമായല്ല ഗ്ലോബൽ ഡയറി വില്ലേജ് നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽ പ്രത്യേക സംയോജിത ക്ഷീരവികസന പദ്ധതിയായിട്ടാണ് ഗ്ലോബൽ ഡയറി വില്ലേജ് നടപ്പിലാക്കുന്നത്.

(ഡി) അന്തർദേശീയ ഗുണനിലവാരം ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുതകുന്ന എന്തെല്ലാം ആധുനിക സാങ്കേതികവിദ്യ-യാണ് ഇതിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

(ഡി) ഉൽപ്പാദനക്ഷമത കൂടിയ ഇന്ത്യൻ ജനസുകളെ കണ്ടെത്തി സംരക്ഷിക്കുന്നതിനും അത്തരം പശുക്കളിൽ നിന്നും ലഭിക്കുന്ന സവിശേഷഗുണമുള്ള പാൽ അന്താരാഷ്ട്ര നിലവാരത്തിൽ സംസ്കരിച്ച് സ്വദേശത്തും വിദേശത്തും വിപണി ഉറപ്പാക്കത്തക്ക രീതിയിൽ ആണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നാടൻ പശുക്കൾ ഉൽപ്പാദിപ്പിക്കുന്ന പാലിലുള്ള അമിനോഅമ്ലത്തിന്റെ വ്യത്യസ്തതയാണ് ഇതിന്റെ സവിശേഷ ഗുണത്തിന് കാരണം. കൃത്യമായ നിബന്ധനകളോടെയും ആവശ്യമായ സാക്ഷ്യപ്പെടുത്തലോടെയും പരമാവധി യന്ത്രവൽക്കരണ-ത്തിലൂടെയും, ആയുർവേദ സാധ്യതകൾ ഉൾപ്പെടെയുള്ളവ പരിഗണിച്ചുകൊണ്ടുമാണ് പദ്ധതി നടപ്പിലാക്കുന്നത്.
മൂല്യവർദ്ധിത പാൽ, യോഗർട്ട്, മൂല്യവർദ്ധിത നെയ്യ്, ഐസ്ക്രീം തുടങ്ങിയ പാൽ ഉൽപന്നങ്ങൾ അന്താരാഷ്ട്രാ ഗുണനിലവാരം ഉറപ്പാക്കി വിപണനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഉപോല്പന്നങ്ങളായ ചാണകം, ഗോമൂത്രം എന്നിവ ഉപയോഗപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**